# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.02.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) യുവശക്തിയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി 2026-27 ലെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ നടന്നടുക്കുകയാണെന്ന് ധനമന്ത്രി. ധനക്കമ്മി 4.5 ശതമാനമായി കുറയ്ക്കും.

**Giving special importance to youth power, Finance Minister Nirmala Sitharaman presented the Union Budget for 2026–27 in Parliament. The Finance Minister said that India is moving forward toward the goal of a developed India. The fiscal deficit will be reduced to 4.5 percent.**

2) ഉത്പാദനക്ഷമതയ്ക്കും, സമഗ്രവികസനത്തിനും ബജറ്റിൽ പ്രത്യേക പ്രാധാന്യം. കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ. അടിസ്ഥാന സൗകര്യ വികസനത്തിന് ശക്തമായ പിന്തുണ നൽകുമെന്നും ധനമന്ത്രി.

**The budget gives special importance to productivity and inclusive development. Proposals have been made to increase farmers' income. The Finance Minister also stated that strong support will be provided for infrastructure development.**

3) കേരളം, ഒഡീഷ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ അപൂർവ ധാതു ഇടനാഴികൾ സജ്ജമാക്കും. ഖാദി, കൈത്തറി,മേഖലയ്ക്കായി

'മഹാത്മാഗാന്ധി ഗ്രാം സ്വരാജ്' എന്ന പേരിൽ പുതിയ സംരംഭം. ഇന്ത്യയെ ആഗോള ബയോഫാർമ നിർ മ്മാണ കേന്ദ്രമാക്കി മാറ്റുമെന്നും ബജറ്റിൽ പ്രഖ്യാപനം.

**Rare mineral corridors will be set up in Kerala, Odisha, Andhra Pradesh, and Tamil Nadu. A new initiative called Mahatma Gandhi Gram Swaraj will be launched for the khadi and handloom sector. The budget also announces plans to transform India into a global bio-pharmaceutical manufacturing hub.**

4) പ്രമേഹം, കാൻസർ അടക്കമുള്ള മരുന്നുകളുടെ തീരുവ ഒഴിവാക്കി;2026 ഏപ്രിൽ മുതൽ പുതിയ ആദായ നികുതി നിയമം രാജ്യത്ത് നിലവിൽ വരുമെന്നും ധനമന്ത്രി.

**Customs duty has been exempted on medicines for diabetes, cancer, and other diseases. The Finance Minister also announced that the new Income Tax law will come into force across the country from April 2026.**

5) മെയ്ക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് എന്നീ ലക്ഷ്യങ്ങളിലേക്കുള്ള മാർഗ്ഗരേഖയാണ് കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തെ 140 കോടി ജനങ്ങളുടെ അഭിലാഷങ്ങൾ ബജറ്റിൽ പ്രതിഫലിക്കുന്നതായും പ്രധാനമന്ത്രി.

**Prime Minister Narendra Modi said that the Union Budget serves as a roadmap toward the goals of Make in India and Atmanirbhar Bharat. He also stated that the aspirations of the country's 1.4 billion people are reflected in the budget.**

6) ഇന്ത്യൻ കോസ്റ്റ് ഗാർഡ് സ്ഥാപക ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രിയും, രാജ്യരക്ഷാമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

**On the occasion of Indian Coast Guard raising Day, the Prime Minister, the Defence Minister, and other prominent leaders extended their wishes.**

**&&&&&&&&&&&&&&&&&&**

**FM- ATMA NIRBHAR**

യുവശക്തിയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി 2026-27 ലെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു.വളരുന്ന സമ്പദ് വ്യവസ്ഥ എന്ന നിലയിൽ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ നടന്നടുക്കുകയാണെന്ന് ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പറഞ്ഞു. സുസ്ഥിര വളർച്ച, സാമ്പത്തിക അച്ചടക്കം, പണപ്പെരുപ്പം നിയന്ത്രിക്കൽ എന്നിവയ്ക്കാണ് നരേന്ദ്ര മോദി സർക്കാർ കഴിഞ്ഞ 12 വർഷങ്ങളിൽ പ്രാധാന്യം നൽകിയത്. ഇതിൻറെ നേട്ടം രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയ്ക്ക് കരുത്ത് പകർന്നതായും ശ്രീമതി സീതാരാമൻ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി. ദീർഘകാല മാറ്റങ്ങൾക്ക് മാർഗ്ഗമൊരുക്കുന്ന തരം ഘടനാ പരിഷ്ക്കരണങ്ങളും കേന്ദ്രസർക്കാർ രാജ്യത്ത് നടപ്പാക്കി. സ്വയം പര്യാപ്തതയിലൂന്നി നിക്ഷേപത്തിനും, നിർമാണ ശേഷി വികസനത്തിനും പ്രോത്സാഹനം നൽകിയത്, ഇറക്കുമതിയിലെ ആശ്രയത്വം കുറയ്ക്കുന്നതിന് കാരണമായി. ഈ പരിഷ്ക്കരങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, ജനങ്ങൾക്ക് സാർവത്രിക സേവനങ്ങൾ ഉറപ്പാക്കുന്നതിനും സഹായിച്ചതായി ശ്രീമതി സീതാരാമൻ പറഞ്ഞു. പാവപ്പെട്ടവരെയും, പാർശ്വവത്കരിക്കപ്പെട്ടവരേയും പിന്തുണയ്ക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും ധനമന്ത്രി അറിയിച്ചു. സാമ്പത്തിക വളർച്ചയുടെ നേട്ടം കർഷകർ, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ, യുവജനങ്ങൾ, സ്ത്രീകൾ, ദരിദ്ര വിഭാഗങ്ങൾ എന്നിവരിലക്ക് എത്തിക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും ധനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

**BUDGET- THREE KARTHAVYAS- INTRO**

മൂന്ന് കർത്തവ്യങ്ങൾ ഊന്നിപ്പറഞ്ഞുള്ള ബജറ്റാണ് ധനമന്ത്രി ഇന്ന് പാർലമെൻറിൽ അവതരിപ്പിച്ചത്. ഉൽപ്പാദനക്ഷമത, ആഗോള അസ്ഥിരതകളെ ചെറുക്കാനുള്ള കഴിവ് എന്നിവ വർദ്ധിപ്പിക്കുക, സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് ആദ്യ കർത്തവ്യം. ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുക, "എല്ലാവരുടെയും ഒപ്പം, എല്ലാവർക്കും വികസനം" എന്നിവയാണ് മറ്റ് രണ്ട് കർത്തവ്യങ്ങൾ. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കാർഷിക ഉൽപ്പാദനക്ഷമതയ്ക്കും, സാർവത്രിക സേവനങ്ങൾക്കും പിന്തുണ നൽകുന്ന പരിഷ്കാരങ്ങൾ സർക്കാർ നടപ്പാക്കിയതായും ധനമന്ത്രി പറഞ്ഞു. ഇത്തരം നടപടികളിലൂടെ ഏഴ് ശതമാനം എന്ന ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കാൻ രാജ്യത്തിനായെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## BUDGET - SIX AREAS-INTRO

ആറ് മേഖലകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനമാണ് ധനമന്ത്രി നിർമല സീതാരാമൻ ബജറ്റിൽ മുന്നോട്ട് വച്ചത്. ഏഴ് പ്രധാനപ്പെട്ട മേഖലകളിൽ നിർമാണം ശക്തിപ്പെടുത്തുക, സുപ്രധാന വ്യവസായ മേഖലകളുടെ പുനരുജ്ജീവനം, ചാമ്പ്യൻ MSME കളുടെ സൃഷ്ടി, അടിസ്ഥാനസൗകര്യ വികസനത്തിന് ശക്തമായ പിന്തുണ, ദീർഘകാല സുരക്ഷ, സുസ്ഥിരത, നഗരങ്ങളെ അടിസ്ഥാനമാക്കി സാമ്പത്തിക വളർച്ച മേഖല രൂപപ്പെടുത്തൽ എന്നിവ ബജറ്റ് ലക്ഷ്യമിടുന്നതായി ധനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## CRITICAL MINERALS, INFRASTRUCTURE

നിർണ്ണായക സാങ്കേതിക മേഖലകളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നിരവധി ദൗത്യങ്ങൾ നടപ്പിലാക്കും. ഇന്ത്യ സെമികണ്ടക്ടർ മിഷൻ 2.0, ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമ്മാണ പദ്ധതി, മൂന്ന് കെമിക്കൽ പാർക്കുകൾ എന്നിവ സ്ഥാപിക്കും. കേരളം, ഒഡീഷ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ അപൂർവ ധാതു ഇടനാഴികൾ സജ്ജമാക്കും. പൊതു അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്ര വികസനത്തിനായി, അഞ്ച് ലക്ഷത്തിലധികം ജനസംഖ്യയുള്ള ടയർ II, ടയർ III നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ ശ്രദ്ധ നൽകും.

&&&&&&&&&&&&&&&

## AGRICULTURE- FP-INTRO

കാർഷിക-ഭക്ഷ്യസംസ്കരണ രംഗത്ത് ഒട്ടേറെ സുപ്രധാന പ്രഖ്യാപനങ്ങളും ബജറ്റ് മുന്നോട്ട് വയ്ക്കുന്നു. കർഷകരുടെ വരുമാനം വർധിപ്പിക്കുക ലക്ഷ്യമിട്ടുള്ളവയാണ് ഇവയിൽ അധികവും.

വിശദാംശങ്ങളിലേക്ക്....

(വോയിസ്)

## AGRICULTURE- FP- VOICE

തീരദേശ മേഖലകളിൽ, മത്സ്യബന്ധന മൂല്യശൃംഖല ശക്തിപ്പെടുത്തും. മത്സ്യ കർഷക ഉൽപാദക സംഘടനകൾ, സ്റ്റാർട്ടപ്പുകൾ, വനിതാസംഘങ്ങൾ എന്നിവയിലൂടെ വിപണി ബന്ധങ്ങൾ മെച്ചപ്പെടുത്തും. 500 ജലസംഭരണികളുടെയും അമൃത് സരോവറുകളുടെയും സംയോജിത വികസനം ഉറപ്പാക്കും. മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ വികസനത്തിനായി ക്രെഡിറ്റ്-ലിങ്ക്ഡ് സബ്സിഡി പ്രോഗ്രാം,

ആധുനികവത്കരണം എന്നിവ നടപ്പിലാക്കും. ബദാം, വാൽനട്ട്, പൈൻ നട്ട്, ചന്ദനം, കൊക്കോ, കശുവണ്ടി തുടങ്ങിയ ഉയർന്ന മൂല്യമുള്ള വിളകളെ പ്രോത്സാഹിപ്പിക്കും. നാളികേര മേഖലക്കായി പ്രോത്സാഹന പദ്ധതി നടപ്പിലാക്കും. പഴയതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ തെങ്ങുകൾ മാറ്റി മെച്ചപ്പെട്ടവ നട്ടുപിടിപ്പിക്കുന്നതിന് ഉൾപ്പെടെ സഹായം നൽകും. ചന്ദന കൃഷിയും വിളവെടുപ്പിനു ശേഷമുള്ള സംസ്കരണവും ഏകോപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരുകളുമായി സഹകരിക്കും. കാർഷിക വിജ്ഞാന മേഖലയിൽ ബഹുഭാഷാ നിർമ്മിത ബുദ്ധി ടൂളായി 'ഭാരത്-വിസ്റ്റാർ' എന്ന പേരിൽ സംവിധാനം സജ്ജമാക്കും. കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മികച്ച തീരുമാനങ്ങൾ എടുക്കുന്നതിനും ഇത് കർഷകരെ സഹായിക്കും.
ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&

## BIOPHARMA SHAKTHI -INTRO

ഇന്ത്യയെ ആഗോള ബയോഫാർമ നിർമ്മാണ കേന്ദ്രമാക്കി മാറ്റുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ഇതിനായി 'ബയോഫാർമ ശക്തി' എന്ന പേരിൽ അഞ്ച് വർഷത്തേക്ക് പ്രത്യേക ദൗത്യം നടപ്പാക്കും. പതിനായിരം കോടി രൂപ ഇതിനായി വിനിയോഗിക്കും. ഫാർമസ്യൂട്ടിക്കൽ വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമായി മൂന്ന് ദേശീയ സ്ഥാപനങ്ങൾ സജ്ജമാക്കും. നിലവിലുള്ള ഏഴ് സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുമെന്നും ധനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## CAPEX INCREASE, FREIGHT CORRIDOR

പൊതു മൂലധനചിലവ് 2014-15 സാമ്പത്തിക വർഷത്തിലെ രണ്ട് ലക്ഷം കോടിയിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷത്തിൽ 11.2 ലക്ഷം കോടി രൂപയായി ഉയർന്നുവെന്ന് ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു. അടുത്ത വർഷം ഇത് 12.2 ലക്ഷം കോടിയായി ഉയർത്തും. അടിസ്ഥാന സൗകര്യ വികസനത്തിലെ നഷ്ടസാധ്യതകൾ ലഘൂകരിക്കുന്നതിന് ഭാഗിക ക്രെഡിറ്റ് ഗ്യാരണ്ടികൾ ഉറപ്പുവരുത്തി ഇൻഫ്രാസ്ട്രക്ചർ റിസ്ക് ഗ്യാരണ്ടി ഫണ്ട് രൂപീകരിക്കും. ഡാങ്കുനിയെയും സൂററ്റിനെയും ബന്ധിപ്പിക്കുന്ന പുതിയ സമർപ്പിത ചരക്ക് ഇടനാഴി സ്ഥാപിക്കുമെന്നും ശ്രീമതി സീതാരാമൻ അറിയിച്ചു.

&&&&&&&&&&&&&&&

## MSME, SERVICE SECTOR

വളർച്ചയുടെ സുപ്രധാന എഞ്ചിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സ്ഥാപനങ്ങളെ വിശേഷിപ്പിച്ച ധനമന്ത്രി, ഇവയെ പിന്തുണയ്ക്കുന്നതിന് പ്രത്യേക സമീപനങ്ങളും ബജറ്റിൽ നിർദ്ദേശിച്ചു. പതിനായിരം കോടി രൂപയുടെ MSME ഫണ്ട് ഇതിനായി സജ്ജമാക്കും. MSME സ്ഥാപനങ്ങൾക്ക് മൂലധന പിന്തുണ നൽകുന്നതിനായി രൂപീകരിച്ച സ്വയംപര്യാപ്ത നിധിയ്ക്കായി 2,000 കോടി രൂപ കൂടി അനുവദിക്കുമെന്നും ധനമന്ത്രി അറിയിച്ചു. MSME സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി, 'കോർപ്പറേറ്റ് മിത്ര' എന്ന പേരിൽ പ്രത്യേക സംഘങ്ങളെ സജ്ജമാക്കും. സേവന മേഖലയിൽ അനുയോജ്യ നടപടികൾ ശുപാർശ ചെയ്യുന്നതിനായി ഉന്നതാധികാര സ്ഥിരം സമിതി രൂപീകരിക്കും. നിർമിതബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ തൊഴിൽ- നൈപുണ്യ ആവശ്യകതകളിൽ ചെലുത്തുന്ന സ്വാധീനം വിലയിരുത്തി, നടപടികൾ നിർദ്ദേശിക്കും. സാമ്പത്തികവളർച്ച, തൊഴിൽ,

കയറ്റുമതി എന്നിവയ്ക്കുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് സമിതി മുൻഗണന നൽകും. 2047 ഓടെ സേവന രംഗത്ത് പത്ത് ശതമാനം ആഗോള വിഹിതം ഇന്ത്യയുടേത് ആക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&

## DIRECT TAX

2026 ഏപ്രിൽ മുതൽ പുതിയ ആദായ നികുതി നിയമം രാജ്യത്ത് നിലവിൽ വരും. ടാക്സ് നിയമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ നിയമം നിലവിൽ വരുന്നത്. ആദായ നികുതി സ്ലാബുകളിൽ മാറ്റമില്ലെന്ന് നിർമല സീതാരാമൻ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി.പുതുതായി നിലവിൽ വരുന്ന നിയമം ആദായ നികുതി ഫയലിങ് ആയാസരഹിതമാക്കും. വരുമാനത്തെ കുറച്ച് തെറ്റായ വിവരങ്ങൾ നൽകിയാൽ കടുത്ത ശിക്ഷയാണ് പുതിയ നിയമത്തിൽ പറയുന്നത്. വിദേശ സ്വത്ത് വെളിപ്പെടുത്താൻ 6 മാസമാണ് സമയം അനുവദിച്ചിട്ടുള്ളത്. ചെറിയ നികുതി വെട്ടിപ്പുകൾക്ക് പിഴ മാത്രമാണ് ശിക്ഷ. ജൂലൈ 31വരെ ടാക്സ് റിട്ടേണുകൾ സമർപ്പിക്കും. പരിശോധക്ക് ശേഷവും റിട്ടേൺ വിവരങ്ങൾ പുതുക്കാം.

&&&&&&&&&&&&&&&

## INDIRECT TAX

പരോക്ഷ നികുതിയിൽ ഗണ്യമായ മാറ്റങ്ങൾ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചു. മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള ടിസിഎസ് 5 ശതമാനത്തിൽ നിന്നും രണ്ട് ശതമാനമായി കുറച്ചു. വിദേശയാത്രയുടെ ടിസിഎസ് അഞ്ചിൽ നിന്ന് രണ്ട് ശതമാനമാക്കി. വാഹനാപകട നഷ്ടപരിഹാര തുകയ്ക്ക് നികുതി ഒഴിവാക്കി. അർബുദ രോഗികൾക്കു വലിയ ആശ്വാസം

നൽകിക്കൊണ്ട് ക്യാൻസർ മരുന്നുകളുടെ ഇറക്കുമതി തീരുവ കുറച്ചു. അർബുദചികിത്സയ്ക്കുള്ള 17 മരുന്നുകളുടെ തീരുവയാണ് കുറച്ചത്. കയറ്റുമതി ചെയ്യുന്ന സമുദ്ര ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ തീരുവരഹിത ഇറക്കുമതി പരിധി വർധിപ്പിക്കും. ലിഥിയം-അയൺ ബാറ്ററികൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന മൂലധന സാമഗ്രികൾക്കുള്ള അടിസ്ഥാന കസ്റ്റംസ് തീരുവ ഒഴിവാക്കി. സോളാർ ഗ്ലാസ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന സോഡിയം ആന്റിമൊണേറ്റ് ഇറക്കുമതിയുടെ അടിസ്ഥാന കസ്റ്റംസ് തീരുവ ഒഴിവാക്കി. പരിശീലന വിമാനങ്ങൾ ഉൾപ്പെടെ വിമാന നിർമ്മാണത്തിന് ആവശ്യമായ ഭാഗങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള അടിസ്ഥാന കസ്റ്റംസ് തീരുവയും ഒഴിവാക്കി.

&&&&&&&&&&&&&&&

**BUDGET ESTIMATE**

2026-27 ൽ 36.5 ലക്ഷം കോടി രൂപയുടെ വായ്പേതര വരുമാനവും, 53.5 ലക്ഷം കോടി രൂപയുടെ മൊത്തം ചെലവുകളുമാണ് ബജറ്റിൽ കണക്കാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ 34 ലക്ഷം കോടി രൂപയുടെ നികുതിയേതര വരുമാനം ഉണ്ടാകുമെന്നും ബജറ്റിൽ വ്യക്തമാക്കുന്നു. 49.6 ലക്ഷം കോടിയാണ് നടപ്പ് സാമ്പത്തിക വർഷത്തിലെ മൊത്തം ചെലവ് പ്രതീക്ഷിക്കുന്നത്. ധനക്കമ്മി നേരിടുന്നതിനായി ഡേറ്റഡ് സെക്യൂരിറ്റികളിൽ നിന്നും 11.7 ലക്ഷം കോടി രൂപ കണ്ടെത്തുമെന്നും ധനമന്ത്രി അറിയിച്ചു. ധനക്കമ്മി 4.5 ശതമാനമായി കുറയ്ക്കുമെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

&&&&&&&&&&&&&&&

**FM - PREZ**

മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ മൂന്നാമത്തെ ബജറ്റും, ധനമന്ത്രി നിർമല സീതാരാമൻറെ തുടർച്ചയായ ഒമ്പതാമത്തെ കേന്ദ്ര ബജറ്റുമായിരുന്നു ഇന്ന് അവതരിപ്പിച്ചത്. ബജറ്റവതരണത്തിന് മുൻപ് രാഷ്ട്രപതി ദ്രൗപദി മുർമുവിനെ ധനമന്ത്രി രാഷ്ട്രപതി ഭവനിലെത്തി സന്ദർശിച്ചിരുന്നു. കേന്ദ്രസഹമന്ത്രി പങ്കജ് ചൗധരിയും ഒപ്പമുണ്ടായിരുന്നു.

&&&&&&&&&&&&&&&

## PM REACTION- INTRO

മെയ്ക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് എന്നീ ഇന്ത്യയുടെ ലക്ഷ്യങ്ങളിലേയ്ക്കെത്താനുള്ള റോഡ് മാപ്പാണ് ഇന്ന് അവതരിപ്പിച്ച കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തെ 140 കോടി ജനങ്ങളുടെ അഭിലാഷങ്ങൾ ബജറ്റിൽ പ്രതിഫലിക്കുന്നതായി അദ്ദേഹം പറഞ്ഞു. യുവാക്കളുടെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും പ്രാധാന്യം നൽകിയ ബജറ്റാണിതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## BUDGET -REACTION- INTRO

ബജറ്റിൽ കേന്ദ്ര സർക്കാരിന് കേരളത്തോടുള്ള അവഗണന തുടരുന്നതായി സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. ബജറ്റ് പ്രഖ്യാപനങ്ങൾക്ക് ശേഷം പ്രതികരിക്കുകയായിരുന്നു മന്ത്രി.

(ഹോൾഡ് വോയിസ്- പി രാജീവ്)

കേരളത്തിന് ബജറ്റിൽ ഒന്നും ലഭിച്ചില്ലെന്നത് തെറ്റായ പ്രചരണമാണെന്നും, ലഭിച്ച പദ്ധതികൾ സംസ്ഥാന സർക്കാർ

എന്തുകൊണ്ട് നടപ്പിലാക്കുന്നില്ലെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു....

(ഹോൾഡ് വോയിസ്- രാജീവ് ച ന്ദ്രശേഖർ)

&&&&&&&&&&&&&&&

## PM- INDIAN COAST GUARD

ഇന്ത്യൻ കോസ്റ്റ് ഗാർഡ് സ്ഥാപക ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമുദ്ര സുരക്ഷ, ദുരന്ത പ്രതികരണം, സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം എന്നിവയിൽ തീരസംരക്ഷണ സേനയുടെ അചഞ്ചല പ്രതിബദ്ധതയെ സമൂഹ മാധ്യമ പോസ്റ്റിൽ ശ്രീ. മോദി പ്രശംസിച്ചു. രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്ങും സേനാംഗങ്ങൾക്കും കുടുംബങ്ങൾക്കും ആശംസ നേർന്നു. കോസ്റ്റ് ഗാർഡിൻറെ അസാമാന്യമായ ആത്മസമർപ്പണവും, ധീരതയും സമുദ്രമേഖലയിലെ വെല്ലുവിളികളെ അതിജീവിച്ച് രാജ്യത്തെ സുരക്ഷിതമാക്കി മാറ്റുന്നതായും അദ്ദേഹം ആശംസാ സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&
&&&&&&&&&&
&&&